
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH


ലേഖനം

ദൈവത്തിന്റെ പുരോഹിതനായ ജ്ഞാനയോഗി

ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ

കാഞ്ഞിരപ്പള്ളി പാറത്തോട് ഗ്രേസി മെമ്മോറിയൽ സെന്റ് ജോർജ് പള്ളിയിലേക്ക് കോട്ടയം മേഖലയിലെ വിദ്യാർഥിപ്രസ്ഥാന പ്രവർത്തകരെയും കോണ്ട് 1960-ൽ പോകുവാൻ നേതൃത്വം ഏറ്റെടുത്തത് സെമിനാരി പഠനം കഴിഞ്ഞ പുതുപ്പള്ളി കളപ്പുരയ്ക്കൽ കെ. വി. ജോസഫ് ആയിരുന്നു.

കോട്ടയത്തെ പ്രധാന കോളജുകളായ സി.എം.എസ്., ബി.സി.എം., മൗണ്ട് കാർമൽ ട്രെയിനിംഗ് കോളജ്, വൈദിക സെമിനാരി എന്നിവിടങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികളെയാണ് രണ്ട് ബസ്സിലും ആറ് കാറുകളിലുമായി കാഞ്ഞിരപ്പള്ളി കഴിഞ്ഞുള്ള പാറത്തോട്ടിലേക്ക് കൊണ്ടുപോയത്.

പ്രഗൽഭരായ വൈദികരും അദ്ധ്യാപകരും വിദ്യാർഥി നേതാക്കളും എല്ലാം കോൺഫ്രൻസിൽ പങ്കുചേരാൻ എത്തി. ഫാ. കെ. ഫിലിപ്പോസ്, ഫാ. എം. വി. ജോർജ്, ഫാ. കെ. എം. അലക്സാണ്ടർ, സി. ജെ. കുര്യൻ, കുര്യൻ ഉതുപ്പ്, ടി. പി. ഫിലിപ്പോസ്, മിസിസ് കെ. എം. മാത്യു തുടങ്ങി നിരവധി പേർ ബസിലും കാറിലുമായി യാത്ര ആരംഭിച്ചു.


ഒരു ബസിന്റെ ചവിട്ടുപടിയിൽ നിന്ന് കെ. വി. ജോസഫ് മറ്റു വിദ്യാർത്ഥികൾക്ക് നിർദ്ദേശം നൽകി. 'ആരും കയ്യും തലയും പുറത്തിടരുത്.' കാഞ്ഞിരപ്പള്ളിക്കു സമീപത്തുവെച്ച് പെട്ടെന്നായിരുന്നു അത് സംഭവിച്ചത്. ഒരു ലോറിക്ക് സൈഡ് കൊടുത്ത്, ബസ് റോഡരികു ചേർന്ന് പോയപ്പോൾ ചവിട്ടുപടിയിൽ നിന്ന കെ. വി. ജോസഫ് ഇലക്ട്രിക്ക് പോസ്റ്റിൽ തലയിടിച്ച് താഴെ വീണു. അബോധാവസ്ഥയിലായ കെ. വി. ജോസഫിനെ ഉടൻ കാഞ്ഞിരപ്പള്ളി ഗവൺമെന്റ് ആശുപത്രിയിലും തുടർന്ന് കോട്ടയം ജില്ലാ ആശുപത്രിയിലും എത്തിച്ചെങ്കിലും ബോധം തെളിഞ്ഞില്ല. സി. ജെ. കുര്യന്റെ കാറിലാണ് കോട്ടയത്ത് എത്തിച്ചത്. അന്ന് ജില്ലാ ആശുപത്രി ഒ.പി. യിൽ ഡോ. പി. എം. പൗലോസാണ് മുഖ്യ ചുമതല വഹിച്ചത്. വളരെ ഗുരുതരമായ മുറിവുകളുമായി എത്തിയ കെ. വി. ജോസഫിനെ ഓപ്പറേഷൻ തിയറ്ററിലേക്ക് കൊണ്ടുപോയി.

നട്ടെല്ലിലേക്ക് ഫ്ളൂയിഡ് ഇറങ്ങിയതിനാൽ രക്തം കട്ടി ആകാതിരിക്കാനായി ട്രിൽ ചെയ്തു. അതിൽ നിന്നും ആറ് ഔൺസ് രക്തം പുറത്തെ ടുത്തു. വിവിധ തരത്തിലുള്ള ചികിത്സ നൽകിയെങ്കിലും അബോധാവസ്ഥയിൽ മൂന്ന് ദിവസം കഴിഞ്ഞു.

കോട്ടയം ഏലിയാ കത്തീഡ്രൽ വികാരി ഫാ. കെ. മത്തായി (മാത്യൂസ് മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്താ) എത്തി തൈലാഭിഷേകം നടത്തി. വെല്ലൂർ ആശുപത്രിയിലേക്ക് കൊണ്ടുപോകാനുള്ള ക്രമീകരണങ്ങൾ ചെയ്തു. ഇതറിഞ്ഞ് പ. ഗീവർഗീസ് രണ്ടാമൻ ബാവാ കോട്ടയം ജില്ലാ ആശുപത്രിയിൽ എത്തി. കെ. വി. ജോസഫിന്റെ രോഗവിവരങ്ങൾ ബന്ധു കൂടിയായ ഡോ. പി. എം. പൗലോസിനോട് ചോദിച്ചറിഞ്ഞു. ഡോക്ടർ കൂട്ടിച്ചേർത്തു: "ദൈവം തന്നെങ്കിൽ ഉണ്ട്. നാളെ വെല്ലൂർക്ക് കൊണ്ടുപോകും." കുറെനേരം നിശബ്ദനായി നിന്ന പ. ഗീവർഗീസ് രണ്ടാമൻ ബാവാ കെ. വി. ജോസഫിന്റെ തലയിൽ കൈ വെച്ച് പ്രാർത്ഥിച്ചു. പോകാൻ ഇറങ്ങിയപ്പോൾ ഡോ. പി. എം. പൗലോസിനെ അടുത്ത് വിളിച്ചിട്ട് പറഞ്ഞു: "ഡോക്ടർ ചികിത്സിക്ക്. ഞാൻ പ്രാർത്ഥിക്കാം. ചിന്തിച്ചു വേണ്ടത് ചെയ്യുക."

പിറ്റേദിവസം വെല്ലൂർക്ക് കൊണ്ടുപോകാനുള്ള ക്രമീകരണം ചെയ്തുകൊണ്ടിരുന്നപ്പോൾ ഡോ. പി. എം. പൗലോസ് എത്തി. "വെല്ലൂർക്ക് കൊണ്ടുപോകണ്ട. ഞാൻ ചികിത്സിച്ചുകൊള്ളാം" എന്നു പറഞ്ഞു.

കോട്ടയം ജില്ലാ ആശുപത്രിയിൽ 30 ദിവസത്തെ ചികിത്സയെ തുടർന്ന് മുറിവുകൾ ഉണങ്ങുകയും സൗഖ്യം നേടുകയും ചെയ്തു. തുടർന്ന് പ്രശസ്തനായ ആയുർവേദ ഡോക്ടർ വയസ്ക്കര മൂസ്സത് എണ്ണയും കുഴമ്പും നൽകി, തളം വെച്ച് കുളിപ്പിച്ചു. ഉറക്കം നഷ്ടപ്പെട്ട കെ. വി. ജോസഫ് പിന്നീട് ഉറങ്ങുവാൻ തുടങ്ങി. പൂർണ്ണ ആരോഗ്യത്തോടെ ഉണർന്ന് ജീവിതത്തിലേക്ക് തിരിച്ചെത്തിയ കെ. വി. ജോസഫാണ് 2020 ജൂലൈ നാലിന് പൗരോഹിത്യ സുവർണ്ണ ജൂബിലി



ആഘോഷിച്ചത്.

മലങ്കരസഭയിലെ ആറ് കാതോലിക്കാ ബാവാമാരോടൊപ്പം ദേവലോകം, പഴയസെമിനാരി, പരുമല സെമിനാരി, പാമ്പാടി ദയറാ തുടങ്ങിയ സഭയിലെ പൊതു സ്ഥാപനങ്ങളുടെ മുഖ്യ സാരഥ്യം വഹിച്ച വന്ദ്യ കെ. വി. ജോസഫ് റമ്പാൻ, 86-ന്റെ നിറവിലായി. അജപാലന ശുശ്രൂഷയിൽ 50 വർഷവും പൂർത്തീകരിച്ചു. ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കിയ കെ. വി. ജോസഫ് റമ്പാൻ പറയുന്നു:

കാഞ്ഞിരപ്പള്ളിയിൽ വച്ച് 1960-ൽ ഉണ്ടായ അപകടത്തിൽ നിന്നും ജീവിതത്തിലേക്ക് ഞാൻ തിരിച്ചു വന്നത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ പ്രത്യേകമായ മധ്യസ്ഥ പ്രാർത്ഥനയും അനുഗ്രഹവുമാണ്. വിദഗ്ധ ചികിത്സയ്ക്കായി വെല്ലൂർക്ക് കൊണ്ടുപോകണ്ട, കോട്ടയത്തു തന്നെ ചികിത്സിക്കുക എന്ന് ദൈവാത്മാവിൽ അജ്ഞാപിക്കുവാനുള്ള ഇച്ഛാശക്തി പ. ബാവായ്ക്ക് ഉണ്ടായിരുന്നു.

1957 മുതൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം ദേവലോകത്ത് താമസിച്ച കെ. വി. ജോസഫാണ് പിന്നീട് സഭാകേന്ദ്രങ്ങളുടെ മുഖ്യ കാര്യദർശിയായി വിവിധ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിച്ച കളപ്പുരയ്ക്കൽ കെ. വി. ജോസഫ് റമ്പാൻ.

വന്ദ്യ കെ. വി. ജോസഫ് റമ്പാച്ചൻ അറിവും അനുഭവവും ഉൾക്കൊള്ളുന്ന മലങ്കരസഭയിലെ മഹത്തായ വ്യക്തിത്വമാണ്. ആ ജീവിതവും സാക്ഷ്യവും സ്വതസിദ്ധമായ ശൈലിയിൽ ഹൃദയത്തിൽ നിന്നും പങ്കുവയ്ക്കുന്നു:

അദ്ധ്യാത്മിക രംഗത്തേക്ക് ആകൃഷ്ടനായത് എങ്ങനെ?

വളരെ ചെറുപ്രായത്തിൽ തന്നെ ആദ്ധ്യാത്മിക കാര്യങ്ങളിൽ വളരെ താല്പര്യം ഉണ്ടായിരുന്നു. കോട്ടയത്ത് മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ മധ്യവേനലവധിക്കാലത്ത് ബൈബിൾ ക്ലാസ്സുകൾ ഉണ്ടായിരുന്നു. അതിൽ പതിവായി പങ്കെടുക്കുമായിരുന്നു. അന്ന് എം. വി. ജോർജ് ശെമ്മാശൻ (ഗീവർഗീസ് മാർ ഒസ്താത്തിയോസ്) ക്ലാസ് എടുക്കുവാൻ അവിടെ വരുമായിരുന്നു. പാറേട്ട് അച്ചൻ (മാത്യൂസ് മാർ ഈവാനിയോസ്) ഇടവകപള്ളിയായ പുതുപ്പള്ളി പള്ളിയിലെ വികാരിയായിരുന്നു. ആ ആരാധനയും പ്രബോധനവും എല്ലാം ആത്മീയ ജീവിതത്തിലേക്ക് വഴിതെളിച്ചു.

കോട്ടയത്തെ വൈദിക പഠന അനുഭവങ്ങൾ എങ്ങനെ?

ഞാൻ പഠിച്ചപ്പോൾ (1953-57) വൈദിക സെമിനാരി കോട്ടയം എം.ഡി. സെമിനാരിയിൽ ആയിരുന്നു. വളരെ ഹൃദ്യമായ അദ്ധ്യാപക-വിദ്യാർത്ഥി ബന്ധം അന്നുണ്ടായിരുന്നു. വട്ടക്കുന്നേൽ മാത്യൂസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായാണ് (പ. മാത്യൂസ് പ്രഥമൻ ബാവ) പ്രിൻസിപ്പാൾ. അന്ന് പഠിപ്പിച്ച അദ്ധ്യാപകർ അധികവും മെത്രാപ്പോലീത്തന്മാരായി ഉയർത്തപ്പെട്ടു. ഫാ. എം. വി. ജോർജ് (ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്), ഫാ. എൻ. എ. യൂഹാനോൻ മല്പാൻ (യൂഹാനോൻ മാർ സേവേറിയോസ്), ഫാ. കെ. ഫിലിപ്പോസ് (ഫിലിപ്പോസ് മാർ തെയോഫിലോസ്), പോൾ വർഗീസ് (പൗലോസ് മാർ ഗ്രീഗോറിയോസ്) തുടങ്ങിയവർ സഭയെ നയിച്ച പിതാക്കന്മാരായി.


ഡോ. ടി. ജെ. ജോഷ്വാ അച്ചനും എന്നെ പഠിപ്പിച്ചിട്ടുണ്ട്. അന്നദ്ദേഹം ശെമ്മാശനായിട്ടാണ് സെമിനാരിയിൽ പഠിപ്പിക്കുവാൻ വന്നത്.

വൈദികസെമിനാരിയിൽ സഹപാഠിയാണ് കുര്യാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്താ. അമേരിക്കയിലുള്ള ഫാ. ഡോ. സി. ഒ. വർഗീസ്, ടി. എം. സഖറിയ കോർഎപ്പിസ്കോപ്പാ, പരുമല സെമിനാരി മുൻ മാനേജർ ഫാ. പി. വി. എബ്രഹാം ഓതറ, ഫാ. ടി. എ. ജേക്കബ് താഴത്തങ്ങാടി എന്നിവരും സഹപാഠികളാണ്. വൈദികസെമിനാരി പഠനം പൂർത്തിയാക്കിയിട്ട് 2020-ൽ 63 വർഷം തികയുകയാണ്. ആറു പതിറ്റാണ്ടിന്റെ സ്മരണകളാണ് പഴയസെമിനാരിയുമായി എനിക്കുള്ളത്.

പഴയസെമിനാരി മാനേജരായി പ്രവർത്തിച്ച കാലഘട്ടം എങ്ങനെ?

പഴയസെമിനാരി എന്റെ ജീവിതത്തിലെ വളരെ പ്രധാനപ്പെട്ട അനുഭവങ്ങൾ പകരുന്ന ആദ്ധ്യാത്മിക കേന്ദ്രമാണ്. സെമിനാരി പഠനകാലത്ത് സെമിനാരിയിലെ കൃഷി ഡയറക്ടറായി പ്രവർത്തിച്ചിട്ടുണ്ട്. പിന്നീട് 1964-66-ൽ പഴയസെമിനാരി മെസ് മാനേജരായും അസിസ്റ്റന്റ് മാനേജരായും ചുമതല

കെ. വി. ജോസഫ് റമ്പാൻ: ജീവിതരേഖ



കോട്ടയം പുതുപ്പള്ളിയിൽ പുരാതന കുടുംബമായ കളപ്പുരയ്ക്കൽ ജോസഫ് വർഗീസിന്റെയും മീനടം തെക്കേക്കര അന്നമ്മ വർഗീസിന്റെയും മൂത്ത പുത്രനായി 1935 ഏപ്രിൽ 7-ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം പുതുപ്പള്ളി സെന്റ് ജോർജ് ഹൈസ്കൂളിൽ നടത്തി. ഓർത്തഡോക്സ് സെമിനാരിയിൽ നിന്ന് വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി (1953-57). കോട്ടയം സി.എം.എസ്. കോളജിൽ നിന്ന് ഇംഗ്ലീഷ് സാഹിത്യത്തിൽ ബി.എ. ബിരുദം (1958-62) കരസ്ഥമാക്കി.

പ. ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവാ 1967 ഡിസംബർ 16-ന് ദേവലോകം അരമന ചാപ്പലിൽ വച്ച് ശെമ്മാശുപട്ടവും, കോട്ടയം മെത്രാസനാധിപൻ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് 1970 ജൂലൈ 4-ന് പുതുപ്പള്ളി സെന്റ് ജോർജ് പള്ളിയിൽ വച്ച് വൈദിക പട്ടവും നൽകി. 2009 ഏപ്രിൽ 15-ന് പരുമല സെമിനാരിയിൽ വെച്ച് പ. ബസേലിയോസ് ദിദിമോസ് ബാവ റമ്പാൻ സ്ഥാനം നൽകി.

പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ ശിഷ്യത്വം സ്വീകരിച്ച് (1962-64) പത്തു വർഷത്തോളം സഭാ ശുശ്രൂഷയിൽ വ്യാപൃതനായി. വൈദിക സെമിനാരി പഠനം പൂർത്തിയാക്കി പത്തു വർഷം കഴിഞ്ഞാണ് ശെമ്മാശ പദവിയിലേക്ക് എത്തുന്നത്. പഴയ സെമിനാരി മെസ് മാനേജരും അസിസ്റ്റന്റ് മാനേജരുമായി (1964-66) ചുമതല വഹിച്ചു. പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായുടെ സെക്രട്ടറിയായി പത്ത് വർഷം പ്രവർത്തിച്ചു (1966-76). തുടർന്ന് ദേവലോകം കാതോലിക്കേറ്റ് അരമന മാനേജർ (1976).

കോട്ടയം ഏലിയാ കത്തീഡ്രൽ വികാരിയായി പത്തു വർഷം ശുശ്രൂഷിച്ചു (1976-86). ഇക്കാലത്ത് 55 അടി വീതിയിലും 80 അടി നീളത്തിലുമായി ഏലിയാ കത്തീഡ്രൽ പുതുക്കിപ്പണിതു കൂദാശയ്ക്കു നേതൃത്വം നൽകി.

കോട്ടയം ഭദ്രാസനത്തിലെ തോട്ടയ്ക്കാട് മാർ അപ്രേം, തോട്ടയ്ക്കാട് ബേതലഹേം, കൊല്ലാട് സെന്റ് പോൾസ്, വെള്ളുക്കുട്ട സെന്റ് തോമസ്, വാകത്താനം പുത്തൻചന്ത സെന്റ് ജോർജ്, ഞാലിയാകുഴി മാർ ഗ്രിഗോറിയോസ്, കോത്തല സെന്റ് മേരീസ് സെഹിയോൻ, പള്ളം കാരമൂട് സെന്റ് മേരീസ് സെഹിയോൻ, പാത്താമുട്ടം സെന്റ് മേരീസ് തുടങ്ങിയ പള്ളികളിൽ വികാരിയായി സേവനമനുഷ്ഠിച്ചു.

തുടർന്ന് കോട്ടയം പഴയസെമിനാരി മാനേജരായും (1995-2006) പരുമല സെമിനാരി അസിസ്റ്റന്റ് മാനേജരായും (2006-2020) പ്രവർത്തിച്ചു. 2020 ജൂലൈ ഒന്നു മുതൽ പാമ്പാടി ദയറായിലെ ധ്യാന ഗുരുവായി നിയമിതനായി.

മലങ്കരസഭയിൽ പ. ഗീവർഗ്ഗീസ് ദ്വിതീയൻ കാതോലിക്കാ മുതൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ വരെയുള്ള ആറു കാതോലിക്കാബാവാമാരോടൊപ്പം സഭയുടെ വിവിധ ശുശ്രൂഷകളിൽ നിർണ്ണായക പങ്കാളിത്തം വഹിച്ചു. മലങ്കരസഭയിൽ 1951 മുതൽ നടന്ന ഏഴ് മൂറോൻ കൂദാശയ്ക്കും പ. ഔഗേൻ കാതോലിക്കാബാവാ മുതൽ പ. പൗലോസ് ദ്വിതീയൻ കാതോലിക്കാ വരെയുള്ള പ. കാതോലിക്കാബാവാമാരുടെ സ്ഥാനാരോഹണ ശുശ്രൂഷയിലും പങ്കാളിയായി.

കോട്ടയം സെൻട്രൽ ഭദ്രാസനത്തിൽ നിന്നുള്ള സഭാ മാനേജിംഗ് കമ്മിറ്റി അംഗം, മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ട്രൈബ്യൂണൽ അംഗം, കോട്ടയം ഭദ്രാസന കൗൺസിൽ അംഗം, പാമ്പാടി ദയറാ പള്ളി, പരുമല പള്ളി എന്നിവയുടെ കൺസ്ട്രക്ഷൻ കമ്മിറ്റി അംഗം, കോട്ടയം ബസേലിയോസ് കോളജ്, പാമ്പാടി കെ. ജി. കോളജ് എന്നിവയുടെ ലോക്കൽ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. മികച്ച സംഘാടകൻ, ധ്യാനഗുരു എന്നീ നിലകളിൽ സ്തുത്യർഹമായി സേവനം അനുഷ്ഠിക്കുന്നു. ഇപ്പോൾ പാമ്പാടി ദയറായിൽ വിശ്രമജീവിതം.

വഹിച്ചു. അന്ന് ഫാ. കെ. ഫിലിപ്പോസ് ആയിരുന്നു മാനേജർ.

നിരവധി വർഷങ്ങൾക്ക് ശേഷം പഴയസെമിനാരി മാനേജരും ചാപ്ലയനുമായി 11 വർഷം പ്രവർത്തിച്ചു (1995–2006). അന്ന് പ്രിൻസിപ്പൽ കഴിഞ്ഞാൽ വിദ്യാർത്ഥികൾക്ക് മാനേജരാണ് മുഖ്യൻ. ചാപ്ലയനുമായിരുന്നതിനാൽ അദ്ധ്യാപകരും വിദ്യാർത്ഥികളുമായി വളരെ സൗഹൃദപരവും ഹൃദ്യവുമായ വ്യക്തിബന്ധം നിലനിർത്തിയിരുന്നു. അക്കാലത്തെ വിദ്യാർത്ഥികളെ പേരു ചൊല്ലി വിളിക്കുവാൻ ഇപ്പോഴും എനിക്ക് സാധിക്കാറുണ്ട്.

പഴയസെമിനാരി മാനേജരായിരുന്ന കാലത്താണ് പ. വട്ടശ്ശേരിൽ തിരുമേനിയെ പരിശുദ്ധനായി 2003 ഫെബ്രുവരി 23-ന് പ്രഖ്യാപിക്കുന്നത്. 'പരിശുദ്ധ പദ പ്രഖ്യാപന ശുശ്രൂഷ'യ്ക്ക് ആവശ്യമായ ക്രമീകരണങ്ങളും നടത്തിപ്പും യാതൊരു ഭംഗവും കൂടാതെ നിർവഹിക്കുവാൻ ദൈവം കൃപ ചൊരിഞ്ഞു. ഈ അത്യപൂർവ്വമായ സന്ദർഭം ജീവിതത്തിൽ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല.

സഭയുടെ പൊതു സ്ഥാപനങ്ങളിൽ എല്ലാം പ്രവർത്തിക്കുവാൻ കഴിഞ്ഞതു എന്തുകൊണ്ടാണ്?

ദൈവത്തിന്റെ കൃപ ഒന്നുകൊണ്ട് മാത്രമാണ് സഭയുടെ പൊതു സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ കഴിഞ്ഞത്. ദേവലോകം അരമന മാനേജർ, പഴയസെമിനാരി മാനേജർ, എം. ഡി. സെമിനാരി മാനേജർ, പരുമല സെമിനാരി അസിസ്റ്റന്റ് മാനേജർ, പാമ്പാടി ദയറാ ധ്യാനഗുരു... ഇതെല്ലാം ദൈവം തന്ന അനുഗ്രഹം മാത്രം. ദേവലോകം, പഴയസെമിനാരി (1995–2006), പരുമല സെമിനാരി (2006–2020), എം.ഡി. സെമിനാരി, പാമ്പാടി ദയറാ തുടങ്ങിയ സഭയുടെ അഞ്ച് പൊതുസ്ഥാപനങ്ങളിലും പ്രവർത്തിക്കുവാൻ സാധിച്ചു. ഇതിൽ പഴയസെമിനാരിയിൽ പതിനൊന്ന് വർഷവും പരുമല സെമിനാരിയിൽ പതിനാല് വർഷവും സേവനമനുഷ്ഠിച്ചു. സഭ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യമായും ഭംഗിയായും വിശ്വസ്തതയോടെ നിർവ്വഹിക്കുക എന്നതാണ് എന്റെ രീതി. ഇത് പ്രാരംഭം മുതൽ ഇന്നുവരെയും അഭംഗുരം നടക്കുന്നു. സഭ ഏൽപ്പിക്കുന്ന ഏത് ഉത്തരവാദിത്വവും എന്റെ കഴിവും പ്രാപ്തിയും അനുസരിച്ച് പരമാവധി ഭംഗിയായി നിർവ്വഹിക്കും.

പരുമല സെമിനാരിയിൽ ധ്യാനമന്ദിരത്തിന്റെ ചുമതല നിർവ്വഹിച്ചതിനാൽ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ദൈവം കൂടുതൽ അവസരം നൽകി. എല്ലാ യാമപ്രാർത്ഥനകളിലും ആരാധനകളിലും പതിവായി ഞാൻ സംബന്ധിക്കും. പരുമലയിലെ ജീവിതം ഒരു പ്രത്യേകമായ ആദ്ധ്യാത്മിക അനുഭവം ആയിരുന്നു.


ഏതെല്ലാം സുപ്രധാന സംഭവങ്ങൾക്കാണ് സാക്ഷ്യംവഹിച്ചത്?

അമ്പതു വർഷത്തെ പൗരോഹിത്യ ജീവിതത്തിൽ ഒട്ടനവധി ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിക്കുവാൻ കഴിഞ്ഞു. വൈദികനായത് 1977-ൽ ആണെങ്കിലും സെമിനാരി പഠനം കഴിഞ്ഞ് 1957 മുതൽ ദേവലോകത്ത് പ. ഗീവർഗീസ് ദ്വിതീയൻ ബാവായോടൊപ്പം താമസിച്ചതിനാൽ നിരവധി നിർണ്ണായക സംഭവങ്ങളിൽ പങ്കുചേരുവാൻ സാധിച്ചു.

എന്റെ ഓർമ്മയിലെ ഏറ്റവും പ്രധാന സംഭവം പഴയസെമിനാരിയിൽ പ. ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാബാവ 1951 ഏപ്രിൽ 20-ന് നടത്തിയ വി. മൂറോൻ കൂദാശയാണ്. അന്ന് ഞാൻ എട്ടാം ക്ലാസ് വിദ്യാർത്ഥിയായിരുന്നു. മലങ്കരസഭയ്ക്ക് എതിരായി 1951-ൽ സുപ്രീംകോടതി വിധി പ്രഖ്യാപിച്ചപ്പോൾ 'സത്യം ജയിക്കും. ചെറിയ ആട്ടിൻകൂട്ടമേ ഭയപ്പെടേണ്ട' എന്ന് പ്രസ്താവിച്ച പ. ഗീവർഗീസ് ദ്വിതീയൻ ബാവായെ അടൂർ മുതൽ കോട്ടയം ദേവലോകത്തേക്ക് സ്വീകരിച്ച് ആനയിച്ച സ്വീകരണ ഘോഷയാത്രയും അവിസ്മരണീയമായി എന്റെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

എത്യോപ്യൻ ചക്രവർത്തി ഹെയ്‌ലി സെലാസി 1956 ഒക്ടോബർ 31-ന് പഴയസെമിനാരി സന്ദർശിച്ചപ്പോൾ ഞാൻ സെമിനാരി വിദ്യാർത്ഥിയായിരുന്നു. ചക്രവർത്തിയുടെ പഴയസെമിനാരി, ദേവലോകം സന്ദർശനത്തിൽ പ. ബാവായോടൊപ്പം പങ്കുചേരാൻ കഴിഞ്ഞു.

ഓർമ്മയിൽ പച്ചപിടിച്ചു നിൽക്കുന്ന സുന്ദര മുഹൂർത്തമായിരുന്നു 1958 ഡിസംബർ 16-ന് പഴയസെമിനാരിയിൽ നടന്ന സഭാ സമാധാന സമ്മേളനം. അന്ന് വൈദിക വിദ്യാഭ്യാസം ഞാൻ പൂർത്തിയാക്കിയിരുന്നു. 1962-ൽ നിരണത്തു വച്ച് ഔഗേൻ ബാവായെ, യോജിച്ച സഭയുടെ കാതോലിക്കാ ആയി തിരഞ്ഞെടുക്കുമ്പോഴും പ. ബാവായോടൊപ്പം ഞാൻ ഉണ്ടായിരുന്നു.



പരുമല സെമിനാരിയിൽ ധ്യാനമന്ദിരത്തിന്റെ ചുമതല നിർവ്വഹിച്ചതിനാൽ മഹാപരിശുദ്ധനായ പരുമല തിരുമേനിയുടെ കബറിടത്തിൽ പ്രാർത്ഥിക്കുവാനും ധ്യാനിക്കുവാനും ദൈവം കൂടുതൽ അവസരം നൽകി. എല്ലാ യാമപ്രാർത്ഥനകളിലും ആരാധനകളിലും പതിവായി ഞാൻ സംബന്ധിക്കും. പരുമലയിലെ ജീവിതം ഒരു പ്രത്യേകമായ ആദ്ധ്യാത്മിക അനുഭവം ആയിരുന്നു.

പ. മാർത്തോമ്മാ ശ്ലീഹായുടെ പത്തൊമ്പതാം ശതാബ്ദിയാഘോഷം (1972), മലങ്കര ഓർത്തഡോക്സ് സഭയുടെ സപ്തതി ആഘോഷം (1982), കോട്ടയം എം.ഡി. സെമിനാരിയിൽ നടന്ന പ. വട്ടശ്ശേരിൽ തിരുമേനിയുടെ ചരമ സുവർണ്ണ ജൂബിലി ആഘോഷം (1984), ജോൺ പോൾ മാർപാപ്പായുടെ കോട്ടയം സന്ദർശനം (1986), പുനർ നിർമ്മിച്ച പരുമല പള്ളിയുടെ കൂദാശ (2000), പ. വട്ടശ്ശേരിൽ തിരുമേനിയുടെ പരിശുദ്ധ പ്രഖ്യാപന ശുശ്രൂഷ (2003), കാതോലിക്കേറ്റ് ശതാബ്ദി ആഘോഷം (2012) തുടങ്ങിയ എത്രയോ സമ്മേളനങ്ങളിൽ വിവിധ നിലകളിലും സംഘാടക രംഗത്തും പ്രവർത്തിച്ചു. പ. ഔഗേൻ ബാവാ മുതൽ പ. പൗലോസ് ദ്വിതീയൻ ബാവ വരെയുള്ള അഞ്ച് ബാവാമാരുടെ സ്ഥാനാരോഹണ ശുശ്രൂഷകളിൽ സംബന്ധിച്ചു. ഔഗേൻ ബാവായുടെ സ്ഥാനാരോഹണം എം.ഡി. സെമിനാരിയിൽ ആയിരുന്നു. പിന്നീട് എല്ലാം നടന്നത് പരുമലയിലും. സഭയുടെ എല്ലാ പൊതു പരിപാടികളിലും മുടങ്ങാതെ പങ്കുചേരുവാൻ പ്രത്യേകം ശ്രദ്ധിക്കാറുണ്ട്.

പരുമലയിലെ ജീവിതവും താമസവും ആരാധനയും എങ്ങനെയായിരുന്നു?

പ. പരുമല തിരുമേനിയുടെ അനുഗ്രഹത്താൽ ഇവിടുത്തെ ജീവിതം ആത്മീയ സന്തോഷം പകരുന്നതായിരുന്നു. രാവിലെ 4.30-ന് ആരംഭിക്കുന്ന ജീവിതം സമാപിക്കുന്നത് വൈകിട്ട് 9 മണിയുടെ സൂത്താറ നമസ്ക്കാരത്തോടെയാണ്. എന്നും രാവിലെ അഞ്ചു മണിക്ക് പ്രാർത്ഥന. 10 മണിക്ക് അപേക്ഷ പ്രാർത്ഥന. 12 മണിക്ക് ഉച്ച നമസ്കാരം. 3 മണിക്ക് ഒമ്പതാം മണി നമസ്ക്കാരം. 6 മണിക്ക് സന്ധ്യാനമസ്കാരം. 9-ന് സൂത്താറ എന്നിങ്ങനെയാണ് ആരാധനാ ക്രമീകരണം. ഇതോടൊപ്പം വിശുദ്ധ കുർബാന, പ്രത്യേക ശുശ്രൂഷകൾ എന്നിവയിലും മാനേജരുടെ നിർദ്ദേശമനുസരിച്ച് പങ്കുചേരും. എല്ലാ വെള്ളിയാഴ്ചയും ധ്യാനപ്രസംഗവും മധ്യസ്ഥ പ്രാർത്ഥനയും ഉണ്ട്.

പരുമല പെരുന്നാൾ എന്നും ഓർത്തിരിക്കാൻ കഴിയും. ഒക്ടോബർ അവസാനം ആരംഭിക്കുന്ന 'പരുമല പെരുന്നാൾ തീർത്ഥാടനവാരം' എത്രയെത്ര പദ്ധതികൾക്കാണ് സാക്ഷ്യം വഹിക്കുന്നത്. നവംബർ ഒന്നിന് എത്തുന്ന പദയാത്രാ സംഘങ്ങളും തീർത്ഥാടകരും അക്ഷരാർത്ഥത്തിൽ പരുമലയെ പുണ്യ നഗരമാക്കി തീർക്കുന്നു. പ്രധാന പെരുന്നാൾ ദിനമായ നവംബർ രണ്ടിന്



പാമ്പാടി ദയറായിലേക്ക് വിശ്രമ ജീവിതത്തിനായി പോകുന്ന കെ. വി. ജോസഫ് റമ്പാന് പരുമല സെമിനാരിയിൽ യാത്രയയപ്പ് നൽകിയപ്പോൾ ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് പൊന്നാട അണിയിച്ച് ആദരിക്കുന്നു.

എത്തുന്നത് നാനാജാതിമതസ്ഥരായ വിശ്വാസികളുടെ സമൂഹമാണ്. എന്നും പരുമലയിലെ ജീവിതാനുഭവങ്ങൾ ഹൃദയത്തിൽ വർണാഭമായി നിലനിൽക്കും.

വിശുദ്ധ മൂറോൻ കൂദാശകൾക്ക് പങ്കാളിത്തം വഹിച്ചത് എങ്ങനെ?

മലങ്കരസഭയിലെ ആറു കാതോലിക്കാബാവാമാർ നടത്തിയ വിശുദ്ധ മൂറോൻ കൂദാശയിൽ പങ്കുചേരുവാൻ അവസരം ലഭിച്ചു. പഴയസെമിനാരിയിൽ പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാ നടത്തിയ മൂറോൻ കൂദാശയാണ് ആദ്യം ഓർമ്മയിൽ എത്തുന്നത്. പഴയസെമിനാരിയിൽ പ. ഔഗേൻ ബാവാ 1967 ഡിസംബർ 21-നു മൂറോൻ കൂദാശ നടത്തുമ്പോൾ ഞാൻ ശെമ്മാശനായി ആരാധനയിൽ പങ്കുചേർന്നു. മൂറോൻ കൂദാശ ആ വർഷം നടന്ന തിനാലാണ് ഡിസംബർ 16-ന് ശെമ്മാശുപട്ടം ഏറ്റത്.

വൈദികസെമിനാരി പഠനം കഴിഞ്ഞ് പത്തു വർഷത്തോളം പ. ഗീവർഗ്ഗീസ് ദ്വിതീയൻ ബാവാടൊപ്പം ദേവലോകത്ത് താമസിച്ചുവരികയായിരുന്നു. അതിനാൽ ശെമ്മാശുപട്ടവും മൂറോൻ കൂദാശയുമായി ബന്ധപ്പെട്ടിരിക്കുന്നു.

പ. മാത്യൂസ് പ്രഥമൻ ബാവാ, പഴയസെമിനാരിയിലും (1978) ദേവലോകത്തും (1988) നടത്തിയ വിശുദ്ധ മൂറോൻ കൂദാശയിലും പിന്നീട് ദേവലോകത്ത് പ. മാത്യൂസ് ദ്വിതീയൻ ബാവാ (1999) പ. ദിദിമോസ് ബാവാ (2009), പ. പൗലോസ് ദ്വിതീയൻ ബാവാ (2018) എന്നിവർ നടത്തിയ വി. മൂറോൻ കൂദാശയിലും നേതൃത്വം നൽകി. വി. മൂറോൻ തയ്യാറാക്കുന്ന സ്ഥാനികളിൽ പല പ്രാവശ്യവും അംഗമായി നേതൃത്വം നൽകിയിട്ടുണ്ട്. ആറു കാതോലിക്കാബാവാമാർ നടത്തിയ ഏഴ് വി. വി. മൂറോൻ കൂദാശകളിൽ പങ്കുചേരാൻ ദൈവം അവസരവും ആരോഗ്യവും നൽകിയതിൽ ദൈവത്തെ സ്തുതിക്കുന്നു.

ഇടയശുശ്രൂഷയിൽ അര നൂറ്റാണ്ട് പിന്നിട്ടല്ലോ. വയസ്സ് 86 ഉം ആയല്ലോ. ജീവിതം അങ്ങയെ എന്തു പഠിപ്പിച്ചു?

1. പരിശുദ്ധ ഗീവർഗീസ് ദ്വിതീയൻ ബാവായും പ. ഔഗേൻ പ്രഥമൻ ബാവായും ജീവിതത്തിൽ വളരെ സ്വാധീനിച്ചിട്ടുണ്ട്. ഈ പിതാക്കന്മാർ പകർന്ന ആദ്ധ്യാത്മിക പാഠം നോമ്പ്, ഉപവാസം, പ്രാർത്ഥന, ദാനധർമ്മം എന്നിവയിൽ കേന്ദ്രീകൃതമായിരുന്നു. എന്റെ ജീവിതത്തിലും ഇവ ജീവിതപാഠമായി തീർന്നു.

2. 'സഭ എന്റേതാണ്. ഞാൻ സഭയുടേതാണ്. സഭ ദൈവത്തിന്റെ ശരീരമാണ്. സഭയ്ക്കു വേണ്ടി ജീവിക്കുക' എന്ന സിദ്ധാന്തമാണ് എനിക്കുള്ളത്. സഭ ഏൽപ്പിക്കുന്ന ഉത്തരവാദിത്വങ്ങൾ പൂർണ വിശ്വസ്തതയോടെ പരിപാലിക്കുവാൻ കഴിയണം.

3. മലങ്കരസഭയുടെ കാതലായ വിശ്വാസസത്യങ്ങൾ ജീവിതത്തിന്റെ അവസാന ശ്വാസം വരെയും സംരക്ഷിക്കുവാൻ കഴിയണം. കാതോലിക്കേറ്റും ഭരണഘടനയും ദേശീയതയും സ്വയംശീർഷകത്വവും ഏവരും കാത്തു സൂക്ഷിക്കണം.

4. ഇടവക ശുശ്രൂഷയിൽ ഏവരുമായി ആഴമായ ബന്ധം നിലനിർത്തണം. വിശ്വാസികളുടെ ആത്മീയ ആവശ്യങ്ങൾ കൃത്യമായി നിർവ്വഹിക്കണം. പ്രതിസന്ധിഘട്ടങ്ങളിൽ വിശ്വാസികളുടെ ഭവനങ്ങൾ സന്ദർശിച്ച് ആശ്വാസം പകർന്നു പ്രാർത്ഥിക്കണം. വിശുദ്ധ കുർബ്ബാനയിൽ അവരുടെ പേരുകൾ വായിക്കുമ്പോൾ 'നെഞ്ചോട് ചേർത്തു പ്രാർത്ഥിക്കുമ്പോൾ' അവർക്ക് അതിന്റെ അനുഭവം ഉണ്ടാകും.

5. ദൈവ വിശ്വാസത്തോടൊപ്പം സഭാ വിശ്വാസവും സഭാപിതാക്കന്മാരോടുള്ള ആദരവും ബഹുമാനവും നിലനിർത്തണം. ഭാവിതലമുറയ്ക്ക് അത് മാതൃകയാക്കി പകരുവാനും കഴിയണം. ജീവിതത്തിൽ സങ്കടവും പ്രതിസന്ധിയും ഉണ്ടാകുമ്പോൾ പരുമലയിൽ വന്നു പ്രാർത്ഥിക്കുന്ന പതിവ് നമ്മുടെ പൂർവ്വിക പിതാക്കന്മാർ കാണിച്ചു തന്നു. അത് പിന്തുടരുവാൻ ഏവരും ശ്രദ്ധിക്കണം.

ഉപസംഹാരം

കളപ്പുരയ്ക്കൽ കെ. വി. ജോസഫ് റമ്പാന്റെ ജീവിതവും സാക്ഷ്യവും സുതാര്യമാണ്. വന്ദ്യ കെ. വി. ജോസഫ് റമ്പാന് സഭാചരിത്രത്തിന്റെ അകവും പുറവും ഏഴ് പതിറ്റാണ്ടായി ഹൃദിസ്ഥമാണ്. ജീവിതയാത്രയിൽ 86-ന്റെ നിറവിലും സഭാചരിത്രത്തിലെ ഏതൊരേടും കൃത്യമായി അടയാളപ്പെടുത്തുന്നു. സ്ഥലകാല വിവരങ്ങൾക്ക് സ്ഫടിക തിളക്കമാണ്. വ്യക്തികളുടെയും പിതാക്കന്മാരുടെയും ജീവിതവും കാലവും ദർശനവും അനർഗളമായി ഏതു നിമിഷവും പ്രവഹിക്കും. അത്രമാത്രം മലങ്കരസഭാ ചരിത്രത്തോട് ബന്ധപ്പെട്ടതാണ് 1953 മുതലുള്ള ജീവിതം. പുതുപ്പള്ളി, കോട്ടയം, പരുമല വഴി പാമ്പാടി ദയറായിൽ കെ. വി. ജോസഫ് റമ്പാൻ എത്തിയപ്പോൾ ആധുനിക മലങ്കരസഭാ ചരിത്ര സംഗ്രഹമാണ് ആ ജീവിതം സാക്ഷിക്കുന്നത്.

അടിയുറച്ച ദൈവവിശ്വാസം, പ്രാർത്ഥനാജീവിതം, സുസ്ഥിരമായ സഭാസ്നേഹം, സഭാപിതാക്കന്മാരോടുള്ള വിശ്വസ്തത, നൈർമ്മല്യം നിറഞ്ഞ ആത്മീയ ജീവിതം, പരിപക്വമായ ഇടയപരിപാലനം... വന്ദ്യ കെ. വി. ജോസഫ് റമ്പാൻ ദൈവകൃപയുടെ നീർച്ചാലുകൾ അനുഭവിച്ചറിഞ്ഞ അപൂർവ്വ പ്രതിഭയാണ്. പ്രശാന്തമായ ജീവിതസായാഹ്നത്തിലേക്ക് പാമ്പാടി ദയറാക്കുന്നുകൾ കയറുന്ന ഈ ജ്ഞാനയോഗിയിൽ ദിവ്യജ്ഞാനത്തിന്റെ ഓജസ്സും തേജസ്സും സമന്വയിച്ചിരിക്കുന്നു. യഥാർത്ഥമായും ദൈവത്തിന്റെ പുരോഹിതനായ ജ്ഞാനയോഗി.

